## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2646** **06.12.2018 -ൽ മറുപടിയ്ക്ക്**

### നിലമ്പൂർ ടൂറിസം മാസ്റ്റർ പ്ലാൻ

ചോദ്യം
ശ്രീ.പി.വി. അൻവർ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ കേന്ദ്രീകരിച്ച് ഏതൊക്കെ ടൂറിസം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | എ) | നിലമ്പൂർ ടൂറിസം ഹബ്ബ് എന്ന പദ്ധതി ഡി.റ്റി.പി.സി മലപ്പുറം, സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. "സ്വദേശി ദർശൻ - റൂറൽ ടൂറിസം ഡെവലപ്മെന്റ് ഓഫ് ചാലിയാർ പഞ്ചായത്ത് "എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ആർക്കിടെക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 'ലോട്ടസ് ഗാർഡൻ അറ്റ് നിലമ്പൂർ 'എന്ന ടൂറിസം പദ്ധതിയ്ക്കായി 1.5 കോടി രൂപയുടെ പദ്ധതി രൂപ രേഖയും 'ഗേറ്റ് വേ ഓഫ് വഴിക്കടവ്, നിലമ്പൂർ' എന്ന ടൂറിസം പദ്ധതിയ്ക്കായി 3.76 കോടി രൂപയുടെ പദ്ധതി രൂപ രേഖയും ഡി.റ്റി.പി.സി തയ്യാക്കി വരുന്നു. പദ്ധതിയ്ക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| ബി) | നിലമ്പൂർ ടൂറിസം വികസനം/പ്രമോഷനുവേണ്ടി ഏതെങ്കിലും ഏജൻസികൾ നിലമ്പൂർ ടൂറിസം മാസ്റ്റർ പ്ലാൻ(കരട്) സമർപ്പിച്ചിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ; ആയത് തയ്യാറാക്കുന്നതിന് എത്ര രൂപയാണ് സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ? | ബി) | നിലമ്പൂർ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ ടാറ്റാ കൺസൾട്ടൻസി സർവ്വീസ് എന്ന ഏജൻസിയെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് 42.31 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ